Draft #4 of File P&D!/1/3994/2018 Approved by DEPUTY REGISTRAR (P & D) on 31-Aug-2019 01:21 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാല പ്ലാനിങ് ബോർഡിന്റെ ശുപാർശകൾ പരിഗണിച്ച സിന്റിക്കേറ്റ് കൈക്കൊണ്ട തീരുമാനങ്ങൾ സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 4183/P&D 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 31.08.2019

---

പരാമർശം:-1. 14.02.2019 -ന് ചേർന്ന സർവകലാശാല പ്ലാനിംഗ് ബോർഡ് യോഗത്തിന്റെ മിനിട്സ്

2. 17.8.2019 -ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 207/ 19.06/ 3994 പ്രകാരമുള്ള തീരുമാനം

**ഉത്തരവ്**

സർവകലാശാല പ്ലാനിംഗ് ബോർഡ് യോഗത്തിന്റെ പരാമർശം 1 പ്രകാരമുള്ള ശുപാർശകൾ സിൻഡിക്കേറ്റ് യോഗം വിശദമായി ചർച്ച ചെയ്യുകയും പരാമർശം 2 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2019 ജൂലൈ 17-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ സർവകലാശാലയിൽ ആരംഭിക്കുന്നതിനു തീരുമാനിച്ചിരുന്ന സ്കൂളുകൾക്കു പുറമെ ചുവടെ ചേർക്കുന്ന സ്കൂളുകൾ കൂടി ആരംഭിക്കുന്നതിനു തീരുമാനിച്ചു.

a) School of Data Analytics

b) School of Mathematics & Statistics

c) School of Gender Studies

2. 2019 ജൂലൈ 17-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ സർവകലാശാലയിൽ ആരംഭിക്കുന്നതിനു തീരുമാനിച്ചിരുന്ന School of Nanoscience and Nanotechnology-യുടെ ഓണററി ഡയറക്ടറായി ഡോ. നന്ദകുമാർ കളരിക്കലിനെയും School of Food Technology and Quality Assurance- ന്റെ ഓണററി ഡയറക്ടറായി ഡോ. ജിഷ എം.എസ്-നേയും School of Energy Material-ൻറെ ഓണററി ഡയറക്ടറായി ഡോ. സാബു തോമസ്-നെയും ചുമതലപ്പെടുത്തുന്നതിനും School of Artificial Intelligence & Robotics, School of Data Analytics, School of Mathematics & Statistics, School of Gender Studies എന്നിവയുടെ ഓണററി ഡയറക്ടർമാരായി യോഗ്യരായവരെ കണ്ടെത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. ഓണററി ഡയറക്ടർമാരായി നിയോഗിക്കപ്പെടുന്നവർ അവരുടെ മാതൃസ്ഥാപനത്തിലെ ജോലികൾക്കു വിഘാതമാകാതെയായിരിക്കണം പുതിയ ചുമതലകൾ നിർവഹിക്കേണ്ടതെന്നും ആയത് ഉറപ്പ് വരുത്തണമെന്നും തീരുമാനിച്ചു.

3. സ്കൂൾ ഓഫ് ലെറ്റേഴ്സിനു കീഴിൽ ഡിപ്പാർട്ട്മെൻറ് ഓഫ് ഹിന്ദി, സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിനു കീഴിൽ ഡിപ്പാർട്ട്മെൻറ് ഓഫ് ജിയോളജി എന്നിവയും ആരംഭിക്കുന്നതിനു

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തീരുമാനിച്ചു.

4. സർവകലാശാല നൽകി വരുന്ന സേവനങ്ങൾ ഏക ജാലക സംവിധാനത്തിൽ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

5. Energy Audit, Green Audit തുടങ്ങിയ നിർദ്ദേശങ്ങൾ സംബന്ധിച്ച് സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസ് തയ്യാറാക്കി സർവകലാശാലയ്ക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

6. സർവകലാശാലയിൽ പുതുതായി ഇൻസിനറേറ്റർ സ്ഥാപിക്കേണ്ടതില്ലെന്നും സർവകലാശാല ക്യാമ്പസ് പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും ക്യാമ്പസ് പ്ലാസ്റ്റിക് വിമുക്ത മേഖലയായി പ്രഖ്യാപിക്കുന്നതിനും തീരുമാനിച്ചു.

7. സർവകലാശാലയ്ക്ക് ഒരു പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ് ഡയറക്ടർ ഇല്ല എന്നും ആയതിന്റെ ചുമതലകൾ നിർവഹിക്കുന്നതിന് ഡോ. സന്തോഷ് പി തമ്പി-യെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

8. സർവകലാശാല സിൻഡിക്കേറ്റ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ലെന്നും തീരുമാനങ്ങൾ നടപ്പിലാക്കി എന്ന് ഉറപ്പ് വരുത്തുന്നതിനുമായി എല്ലാ മാസവും ആദ്യ പ്രവൃത്തി ദിവസം വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ പ്രൊ-വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ യോഗം ചേരുന്നതാണെന്ന് തീരുമാനിച്ചു.

9. അടുത്ത അക്കാദമിക വർഷം മുതൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്മെൻറ് സ്റ്റഡീസ്-ൽ നടത്തപ്പെടുന്ന പ്രോഗ്രാമുകൾ വിദ്യാർത്ഥികളെ ആകർഷിക്കത്തക്ക രീതിയിൽ രൂപകല്പന ചെയ്യുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് സ്കൂൾ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനു തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വകുപ്പ് മേധാവി, സ്കൂൾ ഓഫ് ലെറ്റേഴ്സ്

2.വകുപ്പ് മേധാവി, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ്

3.ഡോ . സന്തോഷ് പി തമ്പി, പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ്

4.ഡോ . നന്ദകുമാർ കളരിക്കൽ, പ്രൊഫസർ, സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് ഫിസിക്സ്

Draft #4 of File P&D!/1/3994/2018 Approved by DEPUTY REGISTRAR (P & D) on 31-Aug-2019 01:21 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

5.ഡോ . ജിഷ എം എസ്, പ്രൊഫസർ, സ്കൂൾ ഓഫ് ബയോസയൻസസ്

6.വി സി,പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

7.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ

8.എസ്റ്റേറ്റ് ഓഫീസർ

9.എ സി സി 1 സെക്ഷൻ

10.എ ഡി എ 7 സെക്ഷൻ

11.എ ഡി എ 2 സെക്ഷൻ

12.കെ എസ് എ ഡി / സി എം എസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File P&D!/1/3994/2018 Approved by DEPUTY REGISTRAR (P & D) on 31-Aug-2019 01:21 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം